പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1656** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി സൗജന്യ യാത്രയ്ക്കായി സർക്കാർ നൽകേണ്ട തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പ്രിയദർശിനി സൗജന്യ യാത്രയ്ക്കായി ഓരോ മാസവും സർക്കാർ നൽകേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളിൽ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിയുടെ ആനുകൂല്യം നൽകുന്നതുവഴി ഓരോ മാസവും കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടാകുന്ന വരുമാനക്കുറവ് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് സർക്കാർ പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.ക്ക് IBDS മുഖേന അനുവദിച്ച് നൽകി വരുന്നു.

**(ബി)** ഇതുവരെ ഓരോ മാസവും നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>**

| | | |
|---|---|---|
| 15.06.2026 മുതൽ 30.06.2026 വരെ | സ.ഉ.(സാധാ) നം. 253/2026/Trans തീയതി 27.07.2026) | 41,50,58,555/- |
| 01.07.2026 മുതൽ 15.07.2026 വരെ | സ.ഉ.(സാധാ) നം. 272/2026/Trans തീയതി 13.08.2026) | 42,86,68,750/- |
| 16.07.2026 മുതൽ 31.07.2026 വരെ | സ.ഉ.(സാധാ) നം. 286/2026/Trans തീയതി 24.08.2026) | 46,48,88,473/- |
| 01.08.2026 മുതൽ 31.08.2026 വരെ | സ.ഉ.(സാധാ) നം. 312/2026/Trans തീയതി 22.09.2026 | 79,53,40,207/- |

**(സി)** കെ.എസ്.ആർ.ടി.സി. യുടെ കണക്കനുസരിച്ച് പ്രിയദർശിനി പദ്ധതിയിനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കാനുള്ള തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രിയദർശിനി പദ്ധതി നടപ്പിലാക്കിയതുവഴി 01/09/2026 മുതൽ 30/09/2026 വരെ കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ വരുമാനക്കുറവായ 88,23,55,492/- രൂപ അനുവദിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**